**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 484** **23-06-2026-ൽ മറുപടിയ്ക്ക്**

**മണിയാർ ജലവൈദ്യുത പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. കല്ലട്ര മാഹിൻ

ശ്രീ. നജീബ് കാന്തപുരം

ശ്രീ. കുറുക്കോളി മൊയ്തീൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** മണിയാർ ജലവൈദ്യുത പദ്ധതിയുടെ കരാർ പ്രകാരം പദ്ധതി കെ.എസ്.ഇ.ബി.ക്ക് കൈമാറേണ്ട തീയതിയിൽ കൈമാറ്റം നടത്തിയിരുന്നോ എന്നറിയിക്കാമോ;

**മറുപടി:** മണിയാർ ജലവൈദ്യുതപദ്ധതി കെ.എസ്.ഇ.ബി-ക്ക് കൈമാറ്റം നടത്തിയിട്ടില്ല.

**(ബി)** കരാറിനു വിരുദ്ധമായി കരാർ സമയം നീട്ടിനൽകിയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

**മറുപടി:** 28.04.2026-ൽ സർക്കാർ നിർദ്ദേശിച്ച-തനുസരിച്ച്, മണിയാർ ജലവൈദ്യുതി പദ്ധതി 29.04.2026-ന് കെ.എസ്.ഇ.ബി ഏറ്റെടുക്കുകയുണ്ടായി. എന്നാൽ 04.05.2026-ലെ കത്ത് പ്രകാരം പ്രസ്തുത പദ്ധതി കെ.എസ്.ഇ.ബി ഏറ്റെടുക്കുന്നത് താൽക്കാലികമായി നിർത്തിവയ്ക്കാൻ സർക്കാർ ആവശ്യപ്പെട്ടു. നിയമ-സെക്രട്ടറി കൺവീനറും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ അംഗങ്ങളും ആയി കമ്മിറ്റി രൂപീകരിച്ച് പരിശോധിക്കുവാൻ തീരുമാനിച്ചിട്ടുള്ളതിനാൽ പ്രസ്തുത കമ്മിറ്റിയുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും തുടർ നടപടികൾസ്വീകരിക്കുക. ഇതു കൂടാതെ പദ്ധതി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കാർബോറണ്ടം കമ്പനി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിക്കു-കയും, കേരള ഹൈക്കോടതി മേൽ സൂചിപ്പിച്ച സർക്കാർ കമ്മിറ്റിയോട് കാർബോറണ്ടത്തെ കൂടി കേട്ടതിനു

ശേഷം മാത്രമേ തീരുമാനമെടുക്കാവൂ എന്ന് നിർദ്ദേശിക്കുകയും മണിയാർ ജലവൈദ്യുത പദ്ധതി കെ.എസ്.ഇ.ബി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തല്ക്കാലത്തേക്ക് നിർത്തിവയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

**(സി)** കരാർ പ്രകാരം പദ്ധതി ഏറ്റെടുക്കുന്നതിൽ കെ.എസ്.ഇ.ബി.ക്ക് വീഴ്ച ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഉത്തരവാദികളായവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;വിശദമാക്കുമോ?

**മറുപടി:** കെഎസ്ഇബിയുടെ ഭാഗത്തുനിന്നും മണിയാർ ജലവൈദ്യുതപദ്ധതി ഏറ്റെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി കാണുന്നില്ല.

**സെക്ഷൻ ഓഫീസർ**